പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3009 07.02.2018ൽ മറുപടിയ്ക്ക്

## ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് തുടർവിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. കേരളത്തിലെ നിരക്ഷരരായ ഒരു വിഭാഗം ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന തുടർവിദ്യാഭ്യാസ പദ്ധതിയാണ് "സമന്വയ". പത്താം തരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളുടെ പുതിയ ബാച്ചിൽ രജിസ്റ്റർ ചെയ്ത ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ പഠനക്ലാസുകൾ ആരംഭിച്ചു കഴിഞ്ഞു.<br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഇവർക്കായി പ്രത്യേക തുല്യതാ പഠനകേന്ദ്രങ്ങൾ ആരംഭിച്ചു. ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായുള്ള ക്ലാസുകൾ നയിക്കുന്നതിന് ഇവരിൽ ഉന്നത വിദ്യാഭ്യാസം നേടിയവരേയും അധ്യാപകരായി തെരഞ്ഞെടുത്തിട്ടുണ്ട്. പത്തിൽ കൂടുതൽ പഠിതാക്കളുള്ള ജില്ലകളിൽ പ്രത്യേകം പഠനക്ലാസുകൾ നല്കുകയും പത്തിൽ താഴെ പഠിതാക്കളുള്ള ജില്ലകളിൽ പൊതു പഠന കേന്ദ്രങ്ങളിൽ പഠിക്കുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. "സമന്വയ" പദ്ധതിയുടെ ഭാഗമായി ശിൽപ്പശാലകൾ, ബോധവൽക്കരണ പരിപാടികൾ, പരിശീലനങ്ങൾ എന്നിവയും സംഘടിപ്പിച്ചു. |
| (ബി) ട്രാൻസ്ജെൻഡർ വിഭാഗത്തിൽ സാക്ഷരത എത്ര ശതമാനമാണ്, ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി) ട്രാൻസ്ജെൻഡേഴ്സ് തുടർ വിദ്യാഭ്യാസ പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള ട്രാൻസ്ജെൻഡർ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2017 |

| | |
|---|---|
| | മാർച്ച്, ഏപ്രിൽ മാസങ്ങളിലായി നടത്തിയ സർവ്വേയിൽ 918 പേരെയാണ് തുടർ പഠനത്തിന് താല്പര്യമുള്ളവരായി സർവ്വേയിലൂടെ കണ്ടെത്താൻ സാധിച്ചിട്ടുള്ളത്. ഇതിൽ 1.2 ശതമാനം പേർ നിരക്ഷരരാണ്. |
| (സി) ഇവരെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുമോ; വിശദമാക്കുമോ ? | (സി) "സമന്വയ" പദ്ധതിയിലൂടെ തുല്യതാകോഴ്സുകൾ വഴി തുടർ പഠനം നടത്തുന്ന ട്രാൻസ്ജെൻഡർ വിഭാഗക്കാരെ പഠിപ്പിക്കുന്നതിനായി അധ്യാപകരെ തെരഞ്ഞെടുക്കുമ്പോൾ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് തെരഞ്ഞെടുപ്പിൽ മുൻഗണന നല്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ശ്യാമ എസ് പ്രഭ എന്നയാളെ അധ്യാപികയായി തെരഞ്ഞെടുത്തിട്ടുണ്ട്. |

Hadura

സെക്ഷൻ ഓഫീസർ